**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **09-12-2022 - ൽ മറുപടിയ്ക്ക്**

**തെങ്ങ് കൃഷി പരിപാലനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തെങ്ങ് കൃഷിയുടെ പരിപാലനത്തിനും വികസനത്തിനും വ്യാപനത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം അറിയിക്കാമോ? | (എ) | തെങ്ങ് കൃഷിയുടെ പരിപാലനത്തിനും വികസനത്തിനും വ്യാപനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നാളികേര വികസന പദ്ധതി. അതിലെ വിവിധ ഘടകങ്ങളും അതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

<u>**നാളികേര വികസന പദ്ധതിയുടെ ഘടകങ്ങൾ - വിശദാംശം**</u>

<u>**2021-22**</u>

നാളികേര വികസന പദ്ധതിക്കായി 5252.45394 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഘടകമാണ് കേരഗ്രാമം.

**a)കേരഗ്രാമം:**

**കേരഗ്രാമം ഒന്നാം വർഷ പദ്ധതി:** 2021-22 വർഷം സംസ്ഥാനത്തു 13 ജില്ലകളിൽ നടപ്പിലാക്കി. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതി ഉള്ള 84 തെരെഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തു പ്രദേശങ്ങളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്.

തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസ വളങ്ങൾ, ജീവാണു വളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിളക്കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞതും പ്രായാധിക്യം വന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് 20276 ഹെക്ടർ സ്ഥലത്തു നടപ്പിലാക്കിയതിനു 2948.29461 ലക്ഷം രൂപ ധനസഹായം നൽകുകയുണ്ടായി.

കർഷകർക്ക് തെങ്ങു കയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് 2000/- രൂപ സബ്സിഡി നിരക്കിൽ ആകെ 5170 എണ്ണം യന്ത്രങ്ങൾ വാങ്ങിയതിന് 117.06 ലക്ഷം രൂപയും, ജലസേചന യൂണിറ്റ് സ്ഥാപിക്കലിന് ഹെക്ടർ ഒന്നിന് 25000/- രൂപ നിരക്കിൽ 1918.4416 ഹെക്ടറിന് 479.6104 ലക്ഷം രൂപ ചെലവഴിക്കുകയും 3979 എണ്ണം പമ്പ്സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തു . ജൈവ വള നിർമ്മാണ യൂണിറ്റുകൾ 339 എണ്ണം കർഷകരുടെ പുരയിടങ്ങളിൽ സ്ഥാപിക്കുന്നതിന് 33.6354 ലക്ഷം രൂപയും പഞ്ചായത്തു തല കേര സമിതി/സൊസൈറ്റികൾക്കായി പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് 236.8212 ലക്ഷം രൂപയും പദ്ധതി നിർവഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഓപ്പറേഷനൽ ചിലവായി 12.1058 ലക്ഷംരൂപയും ചിലവഴിച്ചു.

**കേരഗ്രാമം രണ്ടാം വർഷ പദ്ധതി:** 2021-22 വർഷം സംസ്ഥാനത്തു 8 ജില്ലകളിൽ നടപ്പിലാക്കി. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതി ഉള്ള 2020-21 ൽ നടപ്പിലാക്കിയ 15 കേരഗ്രാമപ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 3665 ഹെക്ടർ സ്ഥലത്തു തെങ്ങിന്റെ പരിചരണമുറകൾ നടപ്പിലാക്കുകയും പഞ്ചായത്തു തല കേര സമിതി/സൊസൈറ്റികൾക്കായി പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനും നിർവഹണ ഒരുക്കങ്ങൾക്കും ബോധവൽക്കരണത്തിനും സംഘാടന ചിലവുകൾക്കുമായി ഓപ്പറേഷനൽ ചിലവിനുമായി ആകെ 264.5923 ലക്ഷം രൂപ ധനസഹായം നൽകുകയുണ്ടായി.

**കേരഗ്രാമം മൂന്നാം വർഷ പദ്ധതി:** 2021-22 വർഷം സംസ്ഥാനത്തു 11 ജില്ലകളിൽ നടപ്പിലാക്കി. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതി ഉള്ള 2019-20 ൽ നടപ്പിലാക്കിയ 55 കേരഗ്രാമപ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. 12958 ഹെ തെങ്ങിൻ പുരയിടത്തിൽ സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി

സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ നടപ്പിലാക്കിയത്. ഇതിനായി 309.32526 ലക്ഷം രൂപ ചിലവഴിച്ചു.

**b) അത്യുത്പാദന ശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും മാതൃകാ പ്രദർശനത്തോട്ടം സ്ഥാപിക്കൽ പദ്ധതി**

അത്യുല്പാദന ശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി 2020-21 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയുണ്ടായി. തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുക, നാളികേരത്തിന്റെ വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജലവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

50 സെന്റ് വീതമുള്ള 76 മാതൃകാ പ്രദർശന തോട്ടങ്ങൾ (primary-67 & secondary/additional-9)കർഷകരുടെ പുരയിടങ്ങളിൽ സ്ഥാപിക്കുന്നതിന് 34.9755 ലക്ഷം രൂപയും ചിലവഴിക്കുകയുണ്ടായി.

**c) നാളികേര വികസന കൗൺസിൽ പദ്ധതി - കേര കേരളം സമൃദ്ധ കേരളം**

ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ്, കേരള കാർഷിക സർവകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ് എന്നീ ഏജൻസികളിൽ നിന്നും ലഭ്യമാക്കി കർഷകർക്ക് 50 % നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി 2021-22 വർഷം സ്വീകരിക്കുകയുണ്ടായി. WCT, കുറിയ ഇനം ,സങ്കര ഇനം തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. 2021-22 വർഷം 8,98,647 WCT തൈകളും 31293 കുറിയ ഇനം തൈകളും 1,30,052 സങ്കരയിനം തൈകളും ഉൾപ്പെടെ 10,59,992 തൈകൾ വിവിധ ജില്ലകളിലായി കർഷകർക്ക് വിതരണം ചെയ്തു.

**d) തെങ്ങിൻ തോട്ടങ്ങളിലെ കീട രോഗ നിയന്ത്രണം ക്യാമ്പയിൻ അടിസ്ഥാനത്തിൽ**

ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്ടു, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തെങ്ങിന്റെ കീട രോഗ ബാധക്കെതിരെ കാമ്പയിനുകൾ, പരിശീലന പരിപാടികൾ, മരുന്ന് തളിക്കുന്നതിനുള്ള ധനസഹായം, സ്പ്രേയറുകളുടെ വിതരണം എന്നിവ നടപ്പിലാക്കുന്നതിന് 49.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**2022-23**

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കൽ,നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ പരിപാലിനം എന്നിവ 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യ മിടുന്നത്. അതിന്റെ ഭാഗമായി, സമഗ്രമായ നാളികേര പുനരുദ്ധാരണ - നടീൽ പരിപാടികൾ-നാളികേര മിഷൻ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തെങ്ങിന്റെ പുനരുദ്ധാരണവും പുനർനടീലും എന്നിവ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലെ ഘടങ്ങൾ ചുവടെ ചേർക്കുന്നു.

**a)കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ:**

2022-23 വർഷത്തിൽ, ഒന്നാം വർഷം **100 ഹെ** വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിനു 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു നടപ്പിലാക്കുന്നു. ഒന്നാം വർഷം 100 കേരഗ്രാമങ്ങൾക്ക് സംസ്ഥാന പ്ലാൻ വിഹിതം 2567 ലക്ഷം രൂപയാണ്.

**b)കേര രക്ഷ വാരം :**

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്), ശീമക്കൊന്ന വെച്ചിപ്പിടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ (പ്രത്യകിച്ച് കൊമ്പൻചെല്ലി, ചെമ്പൻചെല്ലി) രോഗങ്ങളും അവയുടെനിയന്ത്രണം മാർഗ്ഗങ്ങൾ എന്നിവക്കുറിച്ചുള്ള പരിശീലനം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം 433 ലക്ഷം രൂപയാണ്.

**c)കേരഗ്രാമം രണ്ടാം വർഷം :**

2022-23 വർഷത്തിൽ ,84 കേരഗ്രാമങ്ങൾക്ക് രണ്ടാം വർഷ ധനസഹായം നൽകുന്നു. രണ്ടാം വർഷം കേരഗ്രാമങ്ങൾക്ക് സംസ്ഥാന പ്ലാൻ വിഹിതം 1680 ലക്ഷം രൂപയാണ്.

**d)കേരഗ്രാമം മൂന്നാം വർഷം:**

2022-23 വർഷത്തിൽ ,15 കേരഗ്രാമങ്ങൾക്ക് മൂന്നാം വർഷ ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷംരൂപയാണ്.

**e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻ തൈകൾ വിതരണം:**
തെങ്ങിന്റെ വിസ്തൃതിവ്യാപനം ലക്ഷ്യമിട്ടു 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ , സർക്കാർ സ്ഥാപങ്ങളിൽ ഉല്പാദിപ്പിച്ച് മുന്തിയഇനം തെങ്ങിൻതൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50 % സബ്സിഡി നിരക്കിൽ കർഷകർക്ക് നല്കുന്നു . 2022 -23 വർഷത്തിൽ 12 ,87,520 എണ്ണം തെങ്ങിൻ തൈകൾ ആണ് വിതരണം ചെയ്യുന്നത് . സംസ്ഥാന പ്ലാൻ വിഹിതം 820.3191 ലക്ഷംരൂപയാണ്.

**f) വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവും .**

നെടിയ, കുറിയ ഇനം വിത്ത് തേങ്ങക്ക് ഒന്നിന് 70 രൂപപ്രകാരവും സങ്കരയിനം വിത്ത് തേങ്ങക്ക് 75 രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽ നിന്നും ശേഖരിക്കുന്നത് .ഈയിനത്തിൽ **1410 ലക്ഷം** രൂപ കർഷകർക്ക് നൽകുന്നതാണ്.